# അക്കാദമിക
# മാസ്റ്റർ പ്ലാൻ

# 2025 - 2026

# ഉള്ളടക്കം


- ആമുഖം
- സ്കൂളിന്റെ അടിസ്ഥാന വിവരങ്ങൾ
- സ്കൂളിന്റെ ചരിത്രം
- മികവിന്റെ കാഴ്ചപ്പാട്
- അവസ്ഥ വിശകലനം
- പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
- ക്രോഡീകരണം.

# ആമുഖം

ഗവ. യു.പി സ്കൂൾ ഭരണിക്കാവിൽ 2025-2026 അധ്യയന വർഷത്തിൽ സ്കൂളിലുള്ള മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ ശേഷികൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും വിവിധ വ്യവഹാര രൂപങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു. ഇതിലൂടെ കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുകയും സ്വതന്ത്ര രചനയിലേക്ക് കുട്ടികളെ കൈപിടിച്ചുയർത്താനും കഴിയുന്നു.

ഗണിതപഠനത്തിലും ശാസ്ത്രപഠനത്തിലും കലാ കായികാരോഗ്യ വിദ്യാഭ്യാസത്തിലും മികവു പുലർത്തുന്ന അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന കുട്ടികളെ സൃഷ്ടിക്കുക എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഞങ്ങൾ വിഭാവനം ചെയ്യുന്നത്. ഫീൽഡ് ട്രിപ്പുകളിലൂടെയും പ്രകൃതി നടത്തത്തിലൂടെയും കുട്ടികളെ പ്രകൃതിയുമായടുത്ത് സംവദിക്കുവാൻ അവസരം ഒരുക്കുന്നു. റീഡേഴ്സ് തിയറ്ററിലൂടെ കുട്ടികളുടെ സർഗാത്മക ശേഷികളെ വികസിപ്പിക്കാൻ സാധിക്കുന്നു. പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു. "അറിയാം അടുക്കാം പ്രകൃതിയെ" എന്ന പ്രവർത്തനവും ദൃശ്യോപകരണങ്ങളുടെ സ്വാധീനത്തിൽ നിന്ന് കുട്ടികളെ മോചിതരാക്കാനും സാധിക്കും.

കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 ന് അനുസരിച്ച് മാറിയ പാഠപുസ്തകങ്ങൾക്കനുസരിച്ചുള്ള അക്കാദമിക മാസ്റ്റർ പ്ലാനാണ് സ്കൂൾ വികസനം ചെയ്തിരിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസം വലിയ മാറ്റങ്ങളിലൂടെ കടന്നു പോകുന്ന ലോകക്രമത്തിലാണ് നാം ജീവിക്കുന്നത്. ജ്ഞാന സമൂഹവും ജ്ഞാന സമ്പദ് വ്യവസ്ഥയും യാഥാർത്ഥ്യമായിരിക്കുന്ന ലോകത്തിന് മുന്നിൽ മാതൃകാപരമായ കേരള മോഡലിനെ ശക്തിപ്പെടുത്താനും പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാനും കഴിയുന്ന പാഠ്യപദ്ധതി ചട്ടക്കൂട് ഉൾക്കൊണ്ട് നവകേരള സൃഷ്ടിക്ക് സഹായകമാകുന്ന രീതിയിൽ ഈ മാസ്റ്റർ പ്ലാൻ ഞങ്ങൾ പൊതുജന സമക്ഷം സമർപ്പിക്കുന്നു.

# സ്കൂളിന്റെ വിവരങ്ങൾ

പേര് : ഗവ. യു.പി സ്കൂൾ ഭരണിക്കാവ്

വിലാസം : ഭരണിക്കാവ് (P.O)
ആലപ്പുഴ
690503

സ്ഥാപിതം : 1948

റവന്യൂ ജില്ല : ആലപ്പുഴ

വിദ്യാഭ്യാസ ജില്ല : മാവേലിക്കര

ഉപജില്ല : കായംകുളം

താലൂക്ക് : മാവേലിക്കര

ബ്ലോക്ക് പഞ്ചായത്ത് : ഭരണിക്കാവ്

സ്കൂൾ ഭരണ വിഭാഗം : സർക്കാർ

സ്കൂൾ വിഭാഗം : പൊതുവിദ്യാലയം

പഠനവിഭാഗങ്ങൾ : എൽ.പി ; യു.പി

സ്കൂൾ തലം : 1 മുതൽ 7 വരെ

ആകെ വിദ്യാർത്ഥികൾ : 83

പ്രധാന അദ്ധ്യാപിക : ഗിരിജ P.R

പി.ടി.എ പ്രസിഡന്റ് : സിറോഷ്. M. ആനന്ദ്

എം.പി.ടി.എ
പ്രസിഡന്റ് : ഷൈനി മാത്യു.

# അടിസ്ഥാന വിവരങ്ങൾ - ചരിത്രം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ കായംകുളം ഉപജില്ലയിലെ കറ്റാനം ഭരണിക്കാവ് പ്രദേശത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് ഗവ. യു.പി സ്കൂൾ ഭരണിക്കാവ്. 1936 ൽ ഭരണിക്കാവ് പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് കണ്ണമ്പള്ളിൽ ശ്രീ. പരമേശ്വര പിള്ളയുടെ നേതൃത്വത്തിൽ ഒരു എയ്ഡഡ് സ്കൂളായിട്ടാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. അന്ന് ഇതൊരു ലോവർപ്രൈമറി സ്കൂളായിരുന്നു. കണ്ണമ്പള്ളിൽ കുടുംബാംഗങ്ങളുടെയും മറ്റ് മറ്റ് വ്യക്തികളുടെയും പ്രോത്സാഹനം ഈ സ്കൂളിനുണ്ടായിരുന്നു. 1948ൽ ഈ സ്കൂൾ പൂർണമായും സർക്കാരിന് വിട്ടുകൊടുത്തു. കുട്ടികളുടെ എണ്ണം വർധിച്ചപ്പോൾ 1956ൽ അപ്പർപ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു. അന്നൊരു യു.പി സ്കൂൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥലം ഇവിടെ ഉണ്ടായിരുന്നില്ല. സ്കൂളിന്റെ അഭ്യുദയ-കാംക്ഷികളായ പ്രദേശവാസികൾ ഭരണിക്കാവ് ക്ഷേത്രസമിതിയെ സമീപിച്ചു. ഇതിൻപ്രകാരം ക്ഷേത്ര ഭരണസമിതി ക്ഷേത്രംവക സ്ഥലത്തിന്റെ കുറച്ചുഭാഗം കൂടി സ്കൂളിനു വിട്ടുകൊടുത്തു. അങ്ങനെ ഇപ്പോൾ ഈ പൊതുവിദ്യാലയത്തിന് ഒരേക്കർ അമ്പത്തിയാറ് സെന്റ് ഭൂവിസ്തൃതിയാണ് ഉള്ളത്. കാർട്ടൂണിസ്റ്റ് യേശുദാസൻ ഉൾപ്പെടെയുള്ള നിരവധി പ്രമുഖർ ഈ വിദ്യാലയത്തിന്റെ പൂർവ്വവിദ്യാർത്ഥികളാണ്.

# മികവിന്റെ കാഴ്ചപ്പാട്

- സമസ്തമേഖലകളിലും മുഴുവൻ കുട്ടികളും മികവ് പുലർത്തുക.
- പഠന പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾക്ക് പങ്കെടുക്കാൻ കഴിയുന്ന തരത്തിലുള്ള വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തു-ന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ.
- പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും തുല്യതയുടെ അനുഭവം ഒരുക്കൽ.
- അധ്യാപക ശാക്തീകരണത്തിലൂടെ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ സജീവമാക്കൽ.
- പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിച്ച് മുൻനിരയിൽ എത്തിക്കൽ
- കൗൺസിലിംഗ് ക്ലാസ്സുകളിലൂടെ കുട്ടികളുടെ മാനസികനില മെച്ചപ്പെടുത്തൽ.
- മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് കുട്ടികളുടെ ആരോഗ്യനില മെച്ചപ്പെടുത്തൽ
- പഠനവിടവ് നികത്തി വിദ്യാർത്ഥികളെ സ്വാഭാവിക നിലയിലേക്ക് എത്തിക്കൽ
- മോട്ടിവേഷൻ ക്ലാസ്സുകൾ, സൻമാർഗ്ഗിക പഠനം എന്നിവ നടത്തി കുട്ടികളിലെ മൂല്യബോധം മെച്ചപ്പെടുത്തൽ.

# അവസ്ഥാ വിശകലനം

## ഭൗതികം - നേട്ടങ്ങൾ

നിലവിൽ 6 ക്ലാസ്മുറികളും ഓഫീസുമുൾപ്പെടുന്ന നല്ലൊരു കെട്ടിടമുണ്ട്. വർണ്ണക്കൂടാരം പദ്ധതിയുടെ ഭാഗമായി പ്രീപ്രൈമറി ക്ലാസുകളിലെ കുട്ടികൾക്കായി നല്ലൊരു പാർക്കും, നിരവധി പഠനോപകരണങ്ങളും ലഭ്യമായിട്ടുണ്ട്. ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുമുണ്ട്. കുട്ടികൾക്ക് അനവധി പുസ്തകങ്ങളടങ്ങിയ ലൈബ്രറി ഓഫീസിലും, മറ്റു ക്ലാസുകളിലുമായി ക്രമീകരിച്ചിട്ടുണ്ട്. SSK യുടെ പദ്ധതിയുടെ ഭാഗമായി I-Lab സ്കൂളിന് ലഭ്യമായിട്ടുണ്ട്. സ്പോൺസർഷിപ്പിലൂടെ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്. കുടിവെള്ള ശുദ്ധീകരണത്തിനായി Purifier സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ സൈക്കിളുകൾ വയ്ക്കുന്നതിനായി സ്ഥാപിച്ച ഷെഡ് ഏറെ ഉപയോഗപ്രദമാണ്. മാലിന്യ നിർമാർജനത്തിനായി വിവിധ ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ആകർഷകമായ പൂന്തോട്ടമുണ്ട്.

## ഭൗതികം - പരിമിതികൾ

വിവിധ ലാബുകൾ, ലൈബ്രറി, ഡൈനിംഗ് റൂം എന്നിവയ്ക്ക് മതിയായ സൗകര്യമുള്ള മുറികളില്ല. വേണ്ടത്ര ക്ലാസ് മുറികളില്ല. സ്മാർട്ട് ക്ലാസ്റൂമുകൾ ഇല്ല. ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുടെ അപര്യാപ്തത ക്ലാസ്റൂം പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. കളിസ്ഥലവും, കളിയുപകരണങ്ങളും വിപുലപ്പെടുത്തണം. ഓഡിറ്റോറിയം, സ്ത്രീ സൗഹൃദ മുറി എന്നിവ ആവശ്യമാണ്. ഉപയോഗയോഗ്യമായ ടോയ്ലറ്റുകളുടെ എണ്ണം പരിമിതമാണ്. ലാബ്, ലൈബ്രറി എന്നിവ സുസജ്ജമായി ക്രമീകരിക്കാൻ ആവശ്യമായ ഫർണിച്ചറുകളില്ല. വാഹന സൗകര്യമില്ല.

# അക്കാദമിക നേട്ടങ്ങൾ

തിരുണിക്കാവ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന പൊതുവിദ്യാലയമാണ് ഗവ.യു.പി സ്കൂൾ തിരുണിക്കാവ്. LSS, USS, NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികളെ പരിശീലിപ്പിക്കുന്നുണ്ട്. 2024-25 അധ്യയന വർഷത്തിൽ LSS വിജയം നേടാൻ സാധിച്ചു. ശാസ്ത്ര കലാമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കാനും മികച്ച വിജയം ഉപജില്ലാ തലത്തിൽ കൈവരിക്കാനും സാധിച്ചിട്ടുണ്ട്. വിദ്യാരംഗം പോലുള്ള പാഠ്യേതര പ്രവർത്തനങ്ങളിലും മികവു പുലർത്തുന്നുണ്ട്. കൂടാതെ ദിനാചരണങ്ങളുടെ ഭാഗമായും മറ്റു സംഘടനകൾ നടത്തുന്ന ക്വിസ് മത്സരങ്ങളിൽ കുട്ടികൾ പങ്കെടുക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്യുന്നു.

# അക്കാദമിക പരിമിതികൾ

- കുട്ടിയുടെ സർവതോന്മുഖമായ വികാസത്തിന് ഉതകുന്ന പഠനാന്തരീക്ഷം ഒരുക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ (AI) യുടെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.
- പഠനപിന്നാക്കാവസ്ഥയുള്ള വിവിധ കുട്ടികളുടെ കുടുംബാന്തരീക്ഷം, സാമൂഹിക സാഹചര്യം എന്നിവ മനസ്സിലാക്കി പിന്നാക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് ശ്രമിക്കേണ്ടതുണ്ട്.
- സംഗീതം, നൃത്തം, അഭിനയം, ചിത്രരചന, ശില്പനിർമ്മാണം തുടങ്ങിയ സർഗാത്മക കഴിവുകൾ വളർത്തിയെടുക്കുന്നതിന് സ്കൂളിനോടനുബന്ധിച്ചുള്ള കലാകേന്ദ്രങ്ങളുടെ അപര്യാപ്തത.
- ലൈബ്രറി, ലാബുകൾ എന്നിവ ക്രമീകരിക്കുന്നതിനുള്ള സ്ഥലപരിമിതി.
- CPTA, MPTA, PTA, SSG, SMC, പൂർവ്വ വിദ്യാർത്ഥി പൂർവ്വാധ്യാപക സംഘടനകൾ, സ്ഥലത്തെ വിവിധ ക്ലബ്ബുകൾ എന്നീ കൂട്ടായ്മകൾ ശക്തിപ്പെടുത്തിക്കൊണ്ട് പഠനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ചില പരിമിതികൾ നിലനിൽക്കുന്നുണ്ട്.
- ജീവിത നൈപുണിയും, തൊഴിൽ പരിശീലനവും കുട്ടികളിൽ എത്തിച്ചുകൊണ്ട് പരിശീലനം നൽകുന്നതിന് ചില പരിമിതികൾ നിലനിൽക്കുന്നു.
- കുട്ടികളുടെ ആരോഗ്യകായിക വളർച്ച ലക്ഷ്യംവച്ചുകൊണ്ട് വിവിധ പരിശീലനങ്ങൾ (യോഗ, നീന്തൽ, എയ്റോബിക്സ്) നൽകുന്നതിന് തടസ്സം നേരിടുന്നു.

## അക്കാദമിക പരിമിതികൾ മറികടക്കുന്നതിനുള്ള ഭാവി സംവിധാനങ്ങൾ

- വിവിധ പഠനപ്രവർത്തനങ്ങളിൽ AI ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ആസൂത്രണം നടത്തുക.
- SMC യുടെയും SSG യുടെയും പിന്തുണയോടെ ഭവനസന്ദർശനം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.
- പൂർവ്വവിദ്യാർത്ഥികളുടെയും അവരുടെ രക്ഷാകർത്താക്കളുടെയും പൂർവ്വാധ്യാപകരുടെയും, പ്രാദേശിക കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സഹായത്തോടെ ശില്പശാലകൾ സംഘടിപ്പിക്കൽ
- പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ സ്ഥല പരിമിതി മറികടക്കാൻ സാധിക്കും.
- പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ CPTA, MPTA, SSG, SMC, പൂർവ്വവിദ്യാർത്ഥി പൂർവ്വാധ്യാപക സംഘടനകൾ, ക്ലബ്ബുകൾ തുടങ്ങിയവയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കൽ
- സമൂഹത്തിലെ സുമനസ്സുകളുടെ സഹകരണത്തോടെ വിവിധ തൊഴിലുകളുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ ആസൂത്രണം ചെയ്യണം.
- കലാ കായിക ആരോഗ്യ വളർച്ചയ്ക്കുള്ള പ്രവർത്തനങ്ങൾ പാഠ്യാസൂത്രണവുമായി പരമാവധി ബന്ധിപ്പിക്കൽ, വിദഗ്ദ്ധരുടെ സഹായം തേടൽ, ടൈംടേബിൾ ക്രമീകരിക്കൽ എന്നിവ നടപ്പിലാക്കുന്നു.

## എൽ.പി വിഭാഗം — ഭാഷ

### സംയുക്ത ഡയറി, സർഗാത്മക ഡയറി

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാ പഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിവിധ നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാകുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ വിദ്യ ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ്സ് പി.ടി.എയിൽ ഡയറിയെഴുത്തിന്റെ പ്രാധാന്യം പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു. (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൂട്ടുകാരുമായുള്ള ഡയറിക്കുറിപ്പുകൾ പങ്കുവെയ്ക്കുന്നു
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക്മാറ്റുന്നു.

വിലയിരുത്തൽ

- ലക്ഷ്യ പൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ സചിത്ര ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലെ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധിക പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. കവിതാസ്വാദനവും സാധ്യമാകുന്നു. ഒപ്പം പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

## ലക്ഷ്യപ്രസ്താവനകൾ

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

- ദിനനിലവാരക്കാരെ പരിഗണിച്ച് ഭാഷാ - പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- പാഠങ്ങളിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി. ടി. എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു. (ജൂൺ ആദ്യവാരം)
- പാഠങ്ങൾ ഒരുക്കുന്ന ശില്പശാല പ്രാദേശികമായി ലഭ്യമാകുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാഠങ്ങൾ അവതരിപ്പിക്കൽ, പാഠങ്ങളിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം).

• തുടർ പഠനങ്ങളുടെ ഭാഗമായി പാഠങ്ങൾ അവതരിപ്പിക്കൽ (പ്രാദേശവത്കരണവും അനുവികസനവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാഠങ്ങളുടെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15മുതൽ

• ഭാഷോത്സവത്തിന്റെ ഭാഗമായി പാഠങ്ങൾ അവതരിപ്പിക്കൽ (മാർച്ച്

വിലയിരുത്തൽ

• ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ പാഠങ്ങളുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

• എസ്.പി.ടി.എയുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

• പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

• പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാഠങ്ങൾ പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

• കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതുസമൂഹവുമായും പങ്കുവച്ചിട്ടുണ്ട്.

- പാഠഭാഗങ്ങളുടെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

## റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപകർക്കും വിദ്യാലയത്തിനും കഴിയണം. ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ്തിയേറ്റർ.

## ലക്ഷ്യപ്രസ്താവനകൾ

- എൽ.പി ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എൽ.പി ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘുബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

# ക്ലാസ് പത്രം

ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠനതന്ത്രമാണ് ക്ലാസ് പത്രം. ഓരോ കുട്ടിയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ് പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം.

## ലക്ഷ്യപ്രസ്താവനകൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ ലക്ഷ്യത്തോടെ എഴുതാൻ കഴിയുന്നു.

## വായനക്കൂടാരം, വായനോത്സവം, കഥാവേള

എല്ലാവർക്കും ഓരോ ബാലസാഹിത്യ കൃതി നൽകുന്നു. ഈ പ്രവർത്തനം മാർച്ച് അവസാനം വരെ തുടരുന്നു. കഥ വായിച്ചുകൊടുക്കാം (ഒന്നാം ക്ലാസ്സിൽ), രണ്ടാം ക്ലാസുമുതൽ കുട്ടികൾ കഥ വായിച്ച് വിവിധ വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കുന്നു.

### ലക്ഷ്യങ്ങൾ

- പുസ്തകത്തിലെ ഭാഷയും പുതിയ പദാവലികളും കുട്ടിക്ക് കിട്ടും.
- കുട്ടിയുടെ സർഗശേഷി വികസിപ്പിക്കും.
- ജ്ഞാനനിർമ്മിതിക്ക് സഹായിക്കും.
- വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടാനും അതിനനുസരിച്ച് സൂചകങ്ങൾ മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം. സിനിമാ പ്രദർശനം. | മാസത്തിൽ ഒന്ന് | SRG | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk . . . പ്രതിദിനം സംവദിക്കൽ | ആഴ്ചയിൽ ഒന്ന് | Class teacher | |
| | English ബാലസഭ | മാസത്തിൽ ഒന്ന് | | |
| | ഇംഗ്ലീഷ് അസംബ്ലി) oneday English | ആഴ്ചയിൽ ഒന്ന് | SMC | |
| വായന-അഭിരുചി വളർത്തുക, ഒപ്പുകളോടെ കൂടി. | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ-മാർച്ച് | SMC | |
| | വർത്തമാനപത്ര വായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | Class teacher | |
| | വായനാക്കുറിപ്പുകൾ | 3 മാസത്തിൽ ഒന്ന് | SRG | |
| | ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ-മാർച്ച് | Class teacher | |

| | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|
| ഇംഗ്ലീഷ് ഡയറി എഴുതുന്നതിലൂടെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക. | (ആഴ്ചയിൽ) ഒരു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് നിലവാര സർഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ Skit, Drama, Conversation, Story telling | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് മാഗസിൻ സർഗാത്മക രചനാശേഷി വികസനം. | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | H.M class teacher SMC. | |
| ഇംഗ്ലീഷ് കോർണർ വായനാപരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാപ്പെട്ടി ഒരുക്കൽ<br>വായനാകുറിപ്പ് - പുസ്തക പരിചയം. | രണ്ടാഴ്ചയിൽ ഒന്ന് | Class teacher. | |

| ...ം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിതമൂല പ്രത്യേകമായി സജ്ജീകരിക്കുക. കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. (2) ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകൽ | ജൂൺ മുതൽ | PTA ഗണിത ടീച്ചർ. | 2,000 |
| (2) ഗണിതത്തിലെ അടിസ്ഥാനങ്ങൾ ഉറപ്പിക്കൽ | 1. വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ മുതൽ | ,, | 2000 |
| | | | ,, | PTA |
| | 2. ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ മുതൽ | ,, | — |
| 3. ഗണിതകേളി | എളുപ്പവും മികച്ച രീതിയിലുമുള്ള ഗണിതകേളികളിലൂടെ കുട്ടികളിൽ ആശയം എത്തിക്കുന്നു. | 1 വർഷം | ഗണിത ടീച്ചർ ഗണിത ക്ലബ്. | — |

| ...ങ്ങൾ | | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ആരോഗ്യ-ശീലവും സമൂഹവും വ്യക്തികൾക്കും. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാമത്സരം. അവതരണങ്ങൾ. | ജൂൺ ജൂലൈ. | ക്ലാസ് ടീച്ചർ SRG, SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതിനടത്തം, കാഴ്ചബംഗ്ലാവി-ലേക്ക്, കാണാക്കാഴ്ചകൾ. | സെപ്റ്റംബർ ഡിസംബർ | ടീച്ചേഴ്സ് SRG, SMC | SMC |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടങ്ങളിലേക്ക്-നമുക്കും കർഷകരാകാം. | ജനുവരി. | SRG, SMC നാട്ടുകാർ | |
| ശാസ്ത്രാവ-ബോധം വളർ-ത്തുക. | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിച്ച് വയ്ക്കാം | ജൂൺ, ജൂലൈ ആഗസ്റ്റ്. | | |
| പ്രകൃതിവിഭവ സംരക്ഷണം. | ജൈവവൈവിധ്യ പാർക്ക്, പരിസ്ഥി-തി സംരക്ഷണ പ്രവർത്തനങ്ങളി-ലെ പങ്കാളിത്തം. | ജൂലൈ-ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങ-ളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്ത-റിയാം. പരീക്ഷണം വീഡിയോകളും ശാസ്ത്രമാസികകൾ | | | |

| | | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...ശേഖരണം അറിവു നിർമ്മാണം. ശാസ്ത്ര മേള. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | അവശ്യാനുസരണം. | HM CPTA | PTA |
| ശാസ്ത്ര പഠനം ലളിതവും രസകരമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ | PTA SSA |
| ശാസ്ത്രബോധം ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തി-കൽ അന്വേഷണ ത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്. ശാസ്ത്രമേഖലകൾ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | അവശ്യാനുസരണം | HM, SRG CPTA ക്ലാസ്ടീച്ചർ. | PTA രക്ഷിതാക്കൾ |
| ഭൂപടമൊരുക്കൽ കേരളം- ഇന്ത്യ, ഭൂപട പാഠം സൂചിക-ചരിത്രപ്പെടുത്തൽ | ഭൂപടവായന. ഭൂപട രചന. സൂചികാനിർമ്മാണം. | വർഷത്തിലൊന്ന്. | SRG ക്ലാസ്ടീച്ചർ | PTA. |

| | | | | |
|---|---|---|---|---|
| | പ്രവർത്തനം. | | | |
| ശാസ്ത്രവിജ്ഞാന ചുമർ. | | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്രപഠനം അനുഭവങ്ങൾ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | അദ്ധ്യയനവർഷം. | SRG ക്ലാസ്ടീച്ചർ | PTA |
| ശാസ്ത്രോത്സവം. | | | | |
| ശാസ്ത്രപഠനങ്ങളിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | ചാർട്ട്, പതിപ്പ്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM, SRG ക്ലാസ്ടീച്ചർ. | PTA |
| ശാസ്ത്രമാസിക. ശാസ്ത്രപഠനങ്ങളിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്രമാസികകളുടെ നിർമ്മാണം. | വർഷത്തിലൊന്ന്. | HM, SRG ക്ലാസ്ടീച്ചർ | PTA. |

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിഹിതം. |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്. |
| | Follow Me if you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | | |
| | Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | | |
| | Missing Man - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടിയുമായി സംഭാഷണം | | | |

| | | | |
|---|---|---|---|
| | One Man Show. അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | |
| (2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can! വ്യത്യസ്തതലങ്ങളിലായി വിവിധ വായനക്കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്ന് സങ്കീർണമായതിലേക്ക്)<br>Learning Ladder - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ |

| | | |
|---|---|---|
| റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പി-<br>ക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണ-<br>നിർമ്മാണം ചെയ്ത് കുട്ടികളുടെ സംഭാഷണംമാത്രം<br>കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം<br>മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള<br>അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ |
| Treasure Hunt. വ്യത്യസ്തമായ വസ്തുക്കൾ<br>ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു.<br>ഓരോ അറകൾക്കും നമ്പർ നൽകി തരു-<br>ന്നെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ<br>കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ്<br>കുട്ടികൾ തിരിച്ചറിയുന്നു. ചോദിക്കുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ. |
| Meet the Foreigner അന്യഭാഷ സം-<br>സാരിക്കുന്ന വ്യക്തികളുമായി അഭിമുഖം<br>നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ,, |

# ശാസ്ത്രം

| മേഖല | ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്തം | സാമ്പത്തികം |
|---|---|---|---|---|---|
| മികവ് | മികച്ച ശാസ്ത്രാഭിമുഖ്യം പുലർത്തുന്ന കുട്ടികൾക്ക് അധിക പരിശീലനം | ടാലന്റ് ഹണ്ട് | ജൂൺ മുതൽ ഫെബ്രുവരി വരെ | വിദഗ്ധർ SRG | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | ശാസ്ത്രസംബന്ധിയായ നൂതനാശയങ്ങൾ പരിചയപ്പെടുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | ജൂൺ-മാർച്ച് | സയൻസ് അധ്യാപകൻ സയൻസ് ക്ലബ് | |

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | സാമ്പത്തികം. |
|---|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര കിറ്റ് തയ്യാറാക്കലിലൂടെ ശാസ്ത്രാഭിരുചിയും പ്രക്രിയാ ശേഷിയും വളർത്തുക | ശാസ്ത്ര കിറ്റ് നിർമ്മാണം | ജൂൺ-ജൂലൈ | പി.ടി.എ | |
| ശാസ്ത്രവും സമൂഹവും | ശാസ്ത്രപഠനത്തിന്റെ പ്രായോഗികപാഠങ്ങൾ സ്വായത്തമാക്കുക | ശാസ്ത്ര സെമിനാർ, ശാസ്ത്ര ചുമർ നിർമ്മാണം | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| നൂതന ആശയങ്ങൾ | ശാസ്ത്രസംബന്ധിയായ പുതിയ ആശയങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുക | ശാസ്ത്രോത്സവം എക്സിബിഷൻ | ഒക്ടോബർ, നവംബർ | സയൻസ് ക്ലബ് | |
| പരീക്ഷണ നിരീക്ഷണങ്ങൾ | കുട്ടികളുടെ നിരീക്ഷണ പരീക്ഷണ പാടവം വർധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ സയൻസ് ക്ലബ് | |
| ലഘുപ്രോജക്ടുകൾ | ശാസ്ത്രസംബന്ധിയായ പ്രോജക്ടുകൾ കുട്ടികൾ തയ്യാറാക്കുന്നു. | നിത്യജീവിതവും ചുറ്റുപാടുമായി ബന്ധപ്പെട്ട രചനകൾ | അക്കാദമിക വർഷം | ഇന്റർനെറ്റ് കമ്പ്യൂട്ടർ സയൻസ് ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽനിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു.<br>ഓർമച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി സ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് | | | |

| | | കാലം | ചിലവ് | സാമഗ്രികൾ |
|---|---|---|---|---|
| | ഏർപ്പെടുന്നതിന് രക്ഷിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | | |
| 5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ ചുറ്റുവട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | | | |
| 6) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളേ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ | | | |

| | | | | |
|---|---|---|---|---|
| | കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | | | |
| 3) ജനാധിപത്യപരമായ ജീവിതത്തിനു രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്ത് ജനസഭ, വാർഡ് സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ | | | |

| | | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതു ചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ വിസ്മയ ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിർവ്വചനം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിതമേളി | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിലെത്തിക്കൽ | കളി, പാട്ട്, നിർമ്മാണ പ്രവർത്തനങ്ങൾ, ജ്യോമട്രിക്കൽ ചാർട്ടുകൾ, മോഡൽ നിർമ്മാണം കമ്പ്യൂട്ടർ ഗെയിം | ജൂൺ - ഫെബ്രുവരി | SRG അധ്യാപകർ ഗണിത ക്ലബ്ബ് | |
| ഗണിതലാബ് | ഗണിതപഠനം എളുപ്പമാക്കൽ നിർമ്മിതിയിലൂടെ ആശയരൂപീകരണം | ഗണിതലാബ് നിർമ്മാണം ഗണിത പുസ്തകം, ഗണിത രൂപങ്ങൾ, ഗണിത ചാർട്ടുകൾ ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ | അക്കാദമിക വർഷം | SRG ക്ലാസ് പി.ടി.എ | |
| ചതുഷ്ക്രിയ ബോധം | ചതുഷ്ക്രിയ ഉറപ്പിക്കൽ | ഗണിതമേളി, ഗണിതലാബ് എന്നിവയുടെ സഹായത്തോടെ ചതുഷ്ക്രിയ പഠനം ഉറപ്പാക്കൽ | അക്കാദമിക വർഷം | അധ്യാപകർ SRG | |
| ശില്പശാല | ഗണിത പഠനം നിർമ്മാണത്തിലൂടെ എളുപ്പമാക്കൽ | ശില്പശാല സംഘടിപ്പിക്കൽ ഗണിതത്തിൽ പ്രാഗത്ഭ്യം നേടിയവരുമായി സംവദിക്കൽ | ഒക്ടോബർ | SRG PTA ഗണിത ക്ലബ്ബ് | |

മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല, ചാർട്ട് . | അക്കാദമിക വർഷാരംഭം | ഹിന്ദി അദ്ധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി തുടങ്ങി ഹിന്ദിയിൽ വാക്യങ്ങളുള്ള വ ... കാണിക്കും | അക്കാദമിക വർഷാരംഭം | | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ... | ഹിന്ദി മാത്രം വിനിമയം ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ... ഹിന്ദിയിൽ തന്നെ | | | |

| | | | | |
|---|---|---|---|---|
| ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുന്നു | ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനക്ക്.....<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം<br><br>ഹിന്ദി ഭാഷയിൽ സ്കൂൾ അസംബ്ലി<br><br>പഠനപ്രവർത്തനങ്ങൾക്കുപുറമേ പാഠ്യേതര കവിതകളുടെയും, നാടകങ്ങളുടെയും, സംഭാഷണങ്ങളുടെയും ദൃശ്യാവിഷ്കാരം | മാസത്തിലൊരിക്കൽ | | |

| | | | | |
|---|---|---|---|---|
| | ഓരോ ദിവസവും ഒരു വാക്ക് (ക്ലാസുകളിൽ) ഓരോ പ്രവർത്തി ദിവസവും ഓരോ ഹിന്ദി വാക്ക് അതിന്റെ പൊരുളും പ്രയോഗവും തിരിച്ചറിയുന്നു. | എല്ലാ ദിവസവും | ഹിന്ദി അധ്യാപകർ | |
| | അധിക പ്രവർത്തനങ്ങൾ ക്വിസ്, സംവാദം, പ്രസംഗം രചന, കവിതാലാപനം, ആസ്വാദനക്കുറിപ്പിന്റെ അവതരണം. സർഗവാസനയുടെ പ്രോത്സാഹനവും പരിശീലനവും | എല്ലാ ദിവസവും | | |

# ക്രോഡീകരണം

ഗവ. യു.പി സ്കൂൾ തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അത് സാധ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിലേർപ്പെടാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വലിയ പിന്തുണയുണ്ടെങ്കിൽ സാധിക്കുമെന്ന ഉറച്ച വിശ്വാസം ഞങ്ങൾക്കുണ്ട്.